ശ്രീ. എം. വി. ജയരാജൻ : ഞാൻ എന്റെ ഭേദഗതിയിൽ പറയുന്ന കാര്യം റെയിൽവേ വികസനവുമായി ബന്ധപ്പെട്ടതാണ്. ഇന്ന് അടിയന്തിരപ്രമേയ ചർച്ചാ വേളയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രതിപക്ഷനേതാവിന്റെ നിർദ്ദേശം കൂടി പരിഗണിച്ചുകൊണ്ട് റെയിൽവേ വികസനത്തിന് പ്രത്യേക പ്രമേയം കൊണ്ടുവരുമെന്ന് പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ ഞാൻ ആ ഭേദഗതി അവതരിപ്പിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. വി കെ. ചന്ദ്രന്റെ ഭേദഗതിയും അതുതന്നെയാണല്ലോ ?

ശ്രീ. വി. കെ. ചന്ദ്രൻ. റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് പ്രത്യേക പ്രമേയം കൊണ്ടു വരുന്നതുകൊണ്ട് ഞാനും ഭേദഗതി അവതരിപ്പിക്കുന്നില്ല. അതുംകൂടി കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന പ്രമേയത്തിൽ ഉൾപ്പെടുത്തണം.

മി. സ്പീക്കർ: എല്ലാവരും അനുകൂലിക്കുന്ന ഈ പ്രമേയം ഏകകണ്ഠമായിട്ട് പാസ്സാക്കാം.

പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചു.

(2) 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ പിൻവലിക്കുന്നതിനുള്ള പ്രമേയം

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, 2003-ലെ കേരള സർവ്വകലാശാലകൾ ബിൽ പിൻവലിക്കുന്നതു സംബന്ധിച്ച സഭയുടെ അനുമതി തേടുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

# IX. പ്രസ്താവന

ശ്രീ. എം. വി. ജയരാജൻ: സർ, ഞാനിതിൽ നിയമസഭാചട്ടം 95 പ്രകാരം എതിർപ്പ് പ്രകടിപ്പിക്കുന്നു. ഈ ബില്ലിലെ വ്യവസ്ഥകൾ സംബന്ധിച്ച് ഈ നിയമസഭയിൽ ഒട്ടേറെ ചർച്ചകൾ നടന്നതാണ്. അതിശക്തമായി ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്തതാണ്. ഇപ്പോൾ പിൻവലിക്കാൻ മന്ത്രി തയ്യാറായത് സ്വാഗതാർഹമാണ്. പക്ഷേ ഈ ബില്ലിലെ വ്യവസ്ഥകൾ കൂടി ഉൾക്കൊള്ളുന്ന 4 നിയമങ്ങൾ ഇതിനകം ഓർഡിനൻസായി വന്നിട്ടുണ്ട്. തെരഞ്ഞെടുക്കപ്പെട്ട സെനറ്റും, സിൻഡിക്കേറ്റും പിരിച്ചുവിട്ട് നോമിനേറ്റഡ് സിൻഡിക്കേറ്റ് കൊണ്ടുവരിക, ഗ്രാഡ്വേറ്റ് കോൺസ്റ്റിറ്റ്യൂവൻസിയിൽ നിന്ന് തെരഞ്ഞെടുപ്പ് ഒഴിവാക്കുക, ട്രേഡ് യൂണിയൻ പ്രാതിനിധ്യം ഒഴിവാക്കുക തുടങ്ങിയ അങ്ങേയറ്റം ജനാധിപത്യ വിരുദ്ധമായ, വിദ്യാഭ്യാസ വിരുദ്ധമായിട്ടുള്ള വ്യവസ്ഥകൾ ഈ ഏകീകൃത സർവ്വകലാശാലകൾ

LIBRARY ARCHIVES Kerala Legislative Assembly